**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1610**

10.02.2020 ൽ മറുപടിയ്ക്ക്

## <u>വാർഡുകളുടെ പുനഃസംഘടന</u>

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി :** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളുടെ പുനഃസംഘടനയ്ക്കായി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ സെൻസസ് നടപടികളെ ഇത് ഏതെല്ലാം തരത്തിൽ ബാധിക്കുമെന്നാണ് കരുതുന്നത്; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളുടെ പുനഃസംഘടനയ്ക്കായി തീരുമാനമെടുത്തിട്ടുണ്ട്. 2001-ലേയും 2011-ലേയും സെൻസസിന് മുന്നോടിയായി 2000 ലും 2010 ലും സംസ്ഥാനത്ത് വാർഡ് പുനഃസംഘടനയും പുതിയ തദ്ദേശ സ്ഥാപനങ്ങളുടെ രൂപീകരണവും നടന്നിട്ടുള്ളതാണ്. ഇക്കാലത്ത് സെൻസസ് നടപടികൾക്ക് യാതൊരു തടസ്സവും നേരിട്ടിട്ടില്ല. 2001 ലും 2011 ലും സംസ്ഥാനത്ത് സെൻസസ് നടക്കുകയും സമയബന്ധിതമായി തന്നെ സെൻസസ് വകുപ്പിന് ഡേറ്റകൾ ശേഖരിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം ഇത്തവണയും വാർഡുകളുടെ പുനഃസംഘടനയോടൊപ്പം സെൻസസിന്റെ പ്രവർത്തനങ്ങളും സമാന്തരമായി യാതൊരു തടസ്സവും കൂടാതെ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| | | | വാർഡ് പുനഃസംഘടന യാതൊരു തരത്തിലും സെൻസസ് നടപടികളെ പ്രതികൂലമായി ബാധിക്കില്ല. |
| (ബി) | വാർഡുകളുടെ പുനഃസംഘടന സെൻസസുമായി ബന്ധപ്പെട്ട വീടുകളുടെ പട്ടിക തയ്യാറാക്കലിനെയും വീട്ടുനമ്പരിലെ മാറ്റങ്ങൾ സെൻസസ് നടപടികളെയും ബാധിക്കാനിടയുണ്ടെന്ന് കരുതുന്നുണ്ടോ; | (ബി) | കരുതുന്നില്ല. |
| (സി) | എങ്കിൽ വാർഡുകളുടെ പുനഃസംഘടന കാരണം സെൻസസ് നടപടികളിൽ മറ്റെന്തെല്ലാം തടസ്സങ്ങളാണ് ഉണ്ടാകാനിടയുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | വാർഡുകളുടെ പുനഃസംഘടനയോടൊപ്പം സെൻസസിന്റെ പ്രവർത്തനങ്ങളും സമാന്തരമായി യാതൊരു തടസ്സവും കൂടാതെ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നതാണ്. വാർഡ് പുനഃസംഘടന യാതൊരു തരത്തിലും സെൻസസ് നടപടികളെ പ്രതികൂലമായി ബാധിക്കില്ല. |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**